(സി) ജില്ലയിലെ പ്രമുഖ സ്ക്കൂളുകളിലും കോളേജുകളിലും (വനിതാ വിദ്യാലയങ്ങൾ ഉൾപ്പെടെ) പോയി പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഇപ്പോൾ ഉണ്ടായിട്ടുള്ള യാത്രാബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സ്ത്രീകൾക്കും, കുട്ടികൾക്കും മാത്രമായി ഓടിച്ചിരുന്ന ബസ്സ് നിർത്തലാക്കിയതെന്തുകൊണ്ടാണ്;

(ഇ) ലാഭകരവും, യാത്രക്കാർക്ക് സൗകര്യപ്രദവുമായ ഈ സർവ്വീസുകൾ അടിയന്തിരമായി പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) നിലവിലുണ്ടായിരുന്ന ഷെഡ്യൂൾ സമ്പൂർണ്ണമായതിൽ പുനഃസ്ഥാപിക്കാൻ അടിയന്തിര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്. ബുദ്ധിമുട്ട് പരിഹരിച്ചിട്ടുണ്ട്.

(ബി) ഷെഡ്യൂൾ മാറ്റം വരുത്തിയിട്ടില്ല.

(സി) ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെടുകയും അവ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) വിദ്യാർത്ഥികൾക്കും സ്ത്രീകൾക്കും പ്രത്യേകമായി ഓടിച്ചിരുന്ന സർവ്വീസുകളിൽ പലപ്പോഴും വരുമാന കുറവ് ഉള്ളതിനാൽ മിക്സഡ് സർവ്വീസുകളായി പുനഃക്രമീകരിച്ച് ട്രിപ്പുകളിൽ മാറ്റം വരുത്താതെ ഓടിക്കുകയാണ് ഉണ്ടായിട്ടുള്ളത്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) പുനഃസ്ഥാപിച്ചിട്ടുണ്ട്.

## കാസർഗോഡ് ഡിപ്പോയിലെ സ്പെയർപാർട്സുകളുടെ ദൗർലഭ്യം പരിഹരിക്കാൻ നടപടി

69 [1379] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ ആവശ്യത്തിന് സ്പെയർപാർട്സ് നൽകാത്തതുമൂലം എത്ര ബസ്സുകളാണ് സർവ്വീസ് നടത്താൻ കഴിയാതെയിരിക്കുന്നത് എന്നറിയിക്കാമോ;

(ബി) സ്പെയർപാർട്സ് നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്പെയർപാർട്സുകളുടെ അഭാവത്താൽ ഇപ്പോൾ ബസ്സുകൾ സർവ്വീസ് നടത്താൻ കഴിയാത്ത അവസ്ഥയില്ല.

(ബി) ആവശ്യത്തിനുള്ള സ്പെയർപാർട്സുകൾ ഇപ്പോൾ നൽകുന്നുണ്ട്.

തണ്ണിത്തോട്-എറണാകുളം റൂട്ടിൽ ഫാസ്റ്റ് പാസഞ്ചർ സർവ്വീസ്

70[1381] ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയുടെ കിഴക്കൻ മലയോര പ്രദേശമായ തണ്ണിത്തോട് ഗ്രാമപഞ്ചായത്തിൽനിന്നും എറണാകുളത്തേയ്ക്ക് ഒരു ഫാസ്റ്റ് പാസഞ്ചർ ബസ് സർവ്വീസ് ആരംഭിക്കണമെന്ന ആവശ്യം കെ. എസ്. ആർ. ടി. സി. പരിഗണിച്ചിട്ടുണ്ടോ;

(ബി) തണ്ണിത്തോട്-എറണാകുളം റൂട്ടിൽ ഒരു കെ. എസ്. ആർ. ടി.സി. ഫാസ്റ്റ് പാസഞ്ചർ ബസ്സ് സർവ്വീസ് ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് ആരംഭിക്കണമെന്ന് കാണിച്ചുള്ള അപേക്ഷകൾ യാതൊന്നും ലഭിച്ചിട്ടില്ല. എന്നാൽ കരുമാംതോട്-തണ്ണിത്തോട് വഴി കോട്ടയം മെഡിക്കൽ കോളേജിലേയ്ക്ക് ഓർഡിനറി സർവ്വീസ് തുടങ്ങാൻ അപേക്ഷ ലഭിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

അത്തോളിവഴി കുറ്റ്യാടി-തൊട്ടിൽപ്പാലം റൂട്ടിൽ സർവ്വീസ് നടത്തുന്ന ബസ്സുകൾ

71 [1382] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നിന്നും അത്തോളിവഴി കുറ്റ്യാടി-തൊട്ടിൽപ്പാലം റൂട്ടിൽ എത്ര കെ. എസ്. ആർ. ടി. സി. ബസ്സുകൾ ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിൽ ചില ബസ്സുകൾ രാത്രികാലത്ത് കൂടുതൽ സർവ്വീസ് നടത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) തൊട്ടിൽപ്പാലത്ത് നിന്ന് എത്ര ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly